

# അച്യുതം

## ലിറ്റിൽ കൈറ്റ്സ് മാഗസിൻ

**ഗവ അച്യുതൻ ഗേൾസ് ഹയർ സെക്കൻററി സ്കൂൾ**
**ചാലപ്പുറം**



**ആമുഖം**

സൈബർലോകത്ത് ജീവിക്കുന്ന നമ്മുടെ വായനാരീതിയും മാറുകയാണ്. സാങ്കേതികവിദ്യയും സാഹിത്യ രചനയും സമന്വയിപ്പിച്ച് പുതിയകാലത്തെ വായനരീതികളെ പ്രോത്സാഹിപ്പിക്കുകയും പ്രസാധനരീതിയുടെ സാങ്കേതികവശങ്ങളുംസർവ്വോപരി മലയാളം കമ്പ്യൂട്ടിങ്ങും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ ചേർന്ന് പ്രസിദ്ധീകരിച്ച ഒരു ഡിജിറ്റൽ മാഗസിനാണ് 'അച്യുതം'.

ഈ മാഗസിൻ തയ്യാറാക്കാൻ സഹകരിച്ച എല്ലാ സുമനസ്സുകൾക്കും പ്രത്യേകിച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ രമിഷ , ഹല ഫാത്തിമ , ഗിൽഷസുഹറ , റീഷ്മ , സോണിക , അർച്ചന , അപർണ. കൈറ്റ്മിസ്ട്രസ് സീന.കെ.പി എന്നിവരോടുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുകയാണ്.

**ഗണേശൻ എം പി**

**കൈറ്റ് മാസ്റ്റർ**




**ഹെഡ്മിസ്ട്രസ് ശ്രീമതി.മീര.എൻ.എ**

## <u>സന്ദേശം</u>

**തലമുറകൾക്ക് അക്ഷരവെളിച്ചം പകർന്ന് കോഴിക്കോടിന്റെ മഹത്തായ വിദ്യഭ്യാസ പാരമ്പര്യത്തിന് മുതൽക്കൂട്ടേകിയ ചാലപ്പുറം ഗവ: അച്യുതൻ ഗേൾസ് ഹയർ സെക്കൻററി സ്കൂളിന്റെ ലിറ്റിൽ കൈറ്റസ് മാഗസിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.**

**ചാലപ്പുറം**

**22-01-2019**



## ഉള്ളടക്കം


1. കസേര (കഥ)
2. സാശ്രയത്വം (കഥ)
3. വേർപാടിന്റെ നിമിഷം (കവിത)
4. അപ്പു നെടുങ്ങാടി (1860 –1933) (ലേഖനം)
5. വൃദ്ധ സങ്കടം (കവിത)
6. അമ്മ (കവിത)
7. An Unexpected DAY (ലേഖനം)
8. A MOTHER JUST LIKE YOU (കവിത)
9. കണ്ണീർ മഴ (കവിത)
10. സമാന്തര രേഖകൾ (കവിത)
11. മണ്ണ് (കവിത)
12. തുള്ളൽ പാ ട്ട് (കവിത)
13. ലഹരിയെന്ന ആപത്ത് (ലേഖനം)
14. നെറ്റിൽ കണ്ടതെല്ലാം പൊന്നല്ല
15. നന്നായി പഠിക്കാം , കളിക്കാം



## കഥ

*വി.എം. അജിത്ത്*

രാവിലെ ട്രെയിൻ നേരത്തെ എത്തുന്നത് കൊണ്ട് വളരെ നേരത്തെ തന്നെ സ്ക്കൂളിൽ എത്താറുള്ള ആനന്ദൻ മാസ്റ്റർ ഇടയ്ക്ക് കാണാറുള്ളത് പോലെതന്നെ സ്റ്റാഫ് റൂമിൽ കാലുകൾ മേശപ്പുറത്തേക്ക് നീട്ടിവെച്ച് സുഖമായ് ഉറങ്ങുന്ന തങ്ങൾ മഷെയാണ് അന്നും കണികത്.

മാഷ് ഇന്നു നേരത്തെയാണോ, അല്ല ബെല്ലടിക്കാറായോ...

ഇല്ല, മാഷ് ഇനിയും ഉറങ്ങിക്കോളൂ സമയമായാൽ ഞാൻ വിളിക്കും...

ഓ... നല്ല ഉറക്കായിരുന്നു.. കാലുകൾ മേശപ്പുറത്തുനിന്നും ഇറക്കിവെച്ചുകൊണ്ട്.. തുടർന്നു..

മാഷെ... ഇന്നലെ കണ്ണ് പൂട്ടാൻ പറ്റിയില്ല... കാരണം അന്വേഷിക്കുന്നതിന്നു മുൻപ് തന്നെ തങ്ങൾ മാഷ് തുടർന്നു...

കമ്മാത്ത് പള്ളിയുടെ വാർഷികമായിരുന്നു നല്ല തിരക്കും.. കുറച്ച് ബുക്ക് വിറ്റെന്നു കൂട്ടിക്കോളൂ... ഇനി പെൻഷൻപറ്റാൻ കുറച്ചയുള്ളൂ. എന്തായാലും, ഇതൊക്കെയായ് അങ്ങിനെ കഴിഞ്ഞുകൂടണം. അല്ല ആനന്ദൻമാഷ്ക്ക് വായനാശീലമുണ്ടോ... അങ്ങ്..... ഉണ്ടായിട്ട് കാര്യമില്ലാ... മാഷിന് പറ്റിയ ബുക്കൊന്നും നമ്മുടെ കമ്പനിയിലില്ല.. അതേ



എല്ലാം മതപരമായ ബുക്കുകളാ...

തങ്ങൾ മാഷ് തുടർന്നു... വായനാശീലം ആളുകളിൽ കുറഞ്ഞുവരുന്നു എന്ന് പറഞ്ഞിട്ട് കാര്യമില്ല. എന്നിട്ടും എത്ര പ്രസിദ്ധീകരണ കമ്പനികളാണുള്ളത്. അടിയ്ക്കാനും വില്ക്കാനും ഇപ്പോൾ സൗകര്യം കൂടുതലാണല്ലോ.. നമ്മളെ ബാപ്പ പ് ഇങ്ങനെ ഒന്നു തുടങ്ങിയത് കൊണ്ട് അൽപം ഗുണമായിന്ന് തോന്നുന്നു...

സശ്രദ്ധം കേട്ടു നില്ക്കുന്ന ആനന്ദൻ മാസ്റ്ററുടെ അടുത്തേയ്ക്ക് നീങ്ങി സ്വകാര്യം പറയുമ്പോലെ....

മാഷേ ഞാൻ മൂന്നാമത്തെ പീരീഡ് ടൗണിലേക്കൊന്നു പോകും, മാഷൊന്ന് ക്ലാസ് ശ്രദ്ധിക്കണം.

ഇത് പതിവുള്ള കാര്യമല്ലെ എന്നു മനസ്സിൽ വിചാരിച്ചു... ശരി എന്നു മൂളി...

തങ്ങൾ മാഷ് തുടർന്നു... മാഷെ ഞാൻ ക്ലാസിൽ ദിവസവും നൂറ് തവണ പറയുന്ന ഒരു കാര്യാ സാമൂഹ്യപാഠം, ടെകസ്റ്റ് തന്നെ മനസ്സി

പ്രഭാതത്തിൽ വൈകി വന്ന ട്രെനിനെ ശപിച്ചുകൊണ്ട് തിരക്കിട്ട് സ്ക്കൂളിലേക്ക് വരുമ്പോൾ, ഹെഡ്മാസ്റ്ററുടെ മുറിയുടെ ജനലിലിൽ തൂങ്ങി ഒരു കാഴ്ച വസ്തു കാണാനുള്ള ധൃതിയിൽ പാടുപെടുന്ന കുട്ടികൾ, എന്താണെന്ന് അറിയാനുള്ള ഉൽക്കണ്ഠയാൽ കുട്ടികൾക്കിടയിൽ കൂടി ഓഫീസ് റൂമിൽ കയറിയപ്പോൾ വളരെ ഗൗരവക്കാരനായ ഹെഡ് മാസ്റ്ററുടെ കസേരയിൽ ഇരിയ്ക്കുന്ന തങ്ങൾ മാഷെ പെട്ടന്ന് ശ്രദ്ധയിൽപെട്ടു. മനസ്സിൽ സന്തോഷത്തിന്റെ ഒരായിരം മാലപ്പടക്കങ്ങൾ പൊട്ടിച്ചിതറി.

ആനന്ദൻമാസ്റ്റർ, വളരെ ഭവ്യനായി. ''ഗുഡ്മോണിങ്ങ് സാർ,''

അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പിട്ടുകൊ് ''ട്രെയിൻ അല്പം വൈകി സാർ,''

മറുപടി ഒന്നും പറഞ്ഞില്ലെന്ന തോന്നൽ ആനന്ദൻ മാസ്റ്ററുടെ മനസ്സിൽ ഒരു ജാള്യത പടർത്തി.

ഇന്റർവെൽ സമയത്ത് നടക്കുന്ന സ്റ്റാഫ് മീറ്റിംഗിനെ അഭിമുഖീകരിക്കുന്ന തങ്ങൾ മാസ്റ്റർ അദ്ധ്യാപകരുടെ ഉത്തരവാദിതത്തെ കുറിച്ചുള്ള ബോധവൽക്കരണക്ലാസിൽ എല്ലാ സ്റ്റാഫംഗങ്ങളുടെയും മുന്നിൽ മറ്റൊരു മനുഷ്യനായി മാറുകയായിരുന്നു.






ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ



## സ്വാശ്രയത്വം

മായമില്ലാതെ ഒരു ഭക്ഷണം.  ഒരു നേരമെങ്കിലും! അത് അയാളുടെ ഒരാഗ്ര ഹമായിരുന്നു.
സ്വന്തം ഭൂമിയിൽ പുതിയ കിണർ
കുഴിപ്പിച്ചു നെല്ല്, വാഴ, ചേമ്പ്, തക്കാളി, മുളക് തുടങ്ങി
എല്ലാം നട്ടുനനച്ചു . വിളവെടുപ്പ് ആഘോഷമായിരുന്നു. സ്വന്തം കിണർവെള്ളത്തിൽ
പാചകം തന്റെ വിയർപ്പിൽ വിളഞ്ഞ നെല്ലരിച്ചോറ്!
വാഴക്കത്തോരൻ! തക്കാളിക്കറി!
കുടുംബം ആ പാചകവും കഴിപ്പും ആഘോഷമാക്കി.  വയർ നിറച്ചുപ്പോൾ അയാൾക്ക്
എന്തെന്നില്ലാത്ത സന്തോഷം! വാക്കുപാലിച്ചപോലെ!
പിറ്റേന്ന് പത്രങ്ങളെല്ലാമെഴുതി ഒരു
കുടുംബത്തിന്റെ
കൂട്ടമരണത്തെപ്പറ്റി പോസ്റ്റുമോർട്ടം റിപ്പോട്ടിൽ
മരണകാരണം അസ്വാഭാവിക ഭക്ഷണമെന്ന്
കത്തൊൻ ഡോക്ടർമാർക്ക് ഏറെ
പണിപ്പെടേണ്ടിവന്നില്ല.

ഹരിപെരുമണ്ണ
ഫോൺ: 9496809242



# ലിറ്റിൽ കൈറ്റ്സ് സാമൂഹ്യനന്മയ്ക്ക്

**സമഗ്ര ശിക്ഷ അഭിയാൻകോഴിക്കോട് നടപ്പിലാക്കി വരുന്ന ചങ്ങാതിക്കൂട്ടം പദ്ധതി പ്രകാരം സ്കൂളിലെത്താൻ സാധിക്കാത്ത വിദ്യാർത്ഥിനികൾക്ക് ഗവ അച്യുതൻ ഗേൾസ് ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ നൽകിവരുന്ന കമ്പ്യൂട്ടർ പരിശീലനം.**








കോഴിക്കോട് കോർപ്പറേഷൻ
ഗവ.അച്യുതൻ ഗേൾസ് ഹയർസെക്കന്ററി സ്കൂൾ
ചാലപ്പുറം, കോഴിക്കോട്-2







# വേർപാടിൻെറ നിമിഷം

ഒരു കുഞ്ഞു പൂവിൻെറ സങ്കടം കണ്ടില്ലേ
ഒരു കുഞ്ഞു പൂവിൻെറ നൊമ്പരം കേട്ടില്ലേ
ഒരുമയായ് കഴിയുന്ന പൂവിൻെറ വേർപാടിൽ
ഒരു തുള്ളി കണ്ണുനീർ വീഴുന്നു മുറ്റത്ത്
കാലടിപ്പാടിലെ മണ്ണുങ്ങ് പോകുമ്പോൾ
വേർപാടിൻ നിമിഷങ്ങളോർത്തിടുന്നു നമ്മൾ;
ചെയ്യാത്ത കാര്യം അടിച്ച് ഏൽപ്പിക്കുന്നു
കാതിൽ കേൾക്കാത്ത സത്യങ്ങൾ പറയുന്നു
അരികെ നിൽക്കുന്ന വരെ അകറ്റി
മാറ്റുന്നു കാലങ്ങൾ തോറും കഴിഞ്ഞു പോയി
നീയെന്നെ മാത്രമേ ഓർക്കാതിരിപ്പൂ"

# അപ്പ നെടുങ്ങാടി (1860 -1933)



ചാലപ്പുറം ഗവ. അച്യുതൻ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ സ്ഥാപകൻ. 'കുന്ദലത' എന്ന ആദ്യ മലയാള നോവലിലൂടെ മലയാള സാഹിത്യത്തിലും, സമാനതകളില്ലാത്ത സാമൂഹ്യ - രാഷ്ട്രീയ - സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ കോഴിക്കോടിന്റെ മനസ്സിലും ചിരപ്രതിഷ്ഠ നേടിയ മഹാരഥൻ. 1860 ഒക്ടോബർ 11 ന് മാങ്കാവ് പുതിയ പറമ്പിൽ തലക്കൊടി മഠത്തിൽ കുഞ്ചുക്കുട്ടി കോവിലമ്മയുടേയും സാമൂതിരി കോവിലകത്തെ മാനവിക്രമൻ തമ്പുരാന്റേയും മകനായി ജനനം. പ്രഗത്ഭനായ അധ്യാപകൻ, സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ, ഗവ. പ്ലീഡർ, ദക്ഷിണേന്ത്യയിലെ ആദ്യത്തെ സ്വകാര്യ ബാങ്കായ നെടുങ്ങാടി ബാങ്കിന്റെ സ്ഥാപകൻ, നഗരസഭാധ്യക്ഷൻ, മലബാറിലെ ആദ്യ ക്ഷീരവ്യവസായ കമ്പനിയുടെ സ്ഥാപകൻ, കേരളസഞ്ചാരി - കേരളപത്രിക - വിദ്യാ വിനോദിനി പത്രങ്ങളുടെ ഉടമസ്ഥത എന്നീ നിലകളിൽ കീർത്തി നേടി. ബ്രിട്ടീഷ്

സർക്കാറിന്റെ റാവു ബഹദൂർ ബഹുമതി. സാധാരണക്കാർക്ക് പ്രത്യേകിച്ച് അവശ ജന വിഭാഗങ്ങൾക്ക് തൊഴിലും സാമ്പത്തിക സുരക്ഷിതത്വവും ഉറപ്പാക്കിയ നിരവധി ചെറുകിട - തൊഴിൽ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചു. പ്രമേഹബാധയെ തുടർന്ന 1933 നവംബർ 7 ന് അന്തരിച്ചു. അധികാരത്തിന്റെ അലങ്കാര – ഹങ്കാരങ്ങൾക്കും ജാതി - മത വിഭാഗീയതകൾക്കുമപ്പുറത്ത് മഹത്തായ മനുഷ്യസ്നേഹത്തിന്റെ അടയാളം കൂടിയായിരുന്നു അപ്പ നെടുങ്ങാടി.

പ്രണാമങ്ങളോടെ,

ഗവ. അച്യുതൻ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, ചാലപ്പുറം.



# വൃദ്ധ സങ്കടം

ഞാനൊരു വൃദ്ധയായ്
ക ഴിഞ്ഞുകൊള്ളാം മക്കളേ.........
എന്നെ അനാഥയാക്കിടല്ലേ.......
പണ്ടു ഞാൻ പിടിവിടാതെ-
പിടിച്ചുനിൻ കുഞ്ഞിക്കരങ്ങൾ
ഇന്നെന്റെ നേരെ ചൂണ്ടിടല്ലേ........
ശിശുക്കാലമത്രയും ബാല്യക്കാലത്തിലും,
ഞാനെന്റെ മക്കളെ നോക്കിയില്ലേ..........
യൗവ്വനത്തിലെത്തിച്ചേർന്നയെൻ മക്കൾക്ക്
ഇന്നെന്റെ സ്നേഹമാം തണൽ വേണ്ടപോലും.
എന്നെയിങ്ങനെ എന്തിനു പരിക്ഷി-
ച്ചിടുന്നെന്ന ചോദ്യം എൻ മനസ്സി-
ലിന്നും തങ്ങിനിൽക്കേ!
ഇന്നു ഞാൻ മക്കളായ്ക്കാണിന്ന
അനാഥരാം കുഞ്ഞുങ്ങൾ
നാളെന്നെതള്ളി പറഞ്ഞിടുമോ............?

---റിഫ ഫാത്തിമ
൯.B



# അമ്മ

നേരിൽ മാത്രം

ഞാനുമാ

ദൈവത്തിൻ രൂപം

സന്തോഷമായാലും

സങ്കടമായാലും

താങ്ങായ്

തണലായ്

കൂടെയിരിക്കുമാ

ദിവ്യരൂപം.......

-----സോണിക

൯.c

# *An Unexpected Day*


The man was coming back to his home from office. When he reached his home,he felt unusual . As he entered into his home, he found his children's shoe and shocks lying on the floor. Their bags and books were also thrown and scrambled. he entered to his office room. He found his beloved book which he had told to his children not to touch,were lying on the floor, opened. He felt really angry .then he entered into his dining room, he found the plates in which he had eaten his breakfast . Dining table was ugly and there was a odour. The TV and the fan were working. The dishes were left opened. Half eaten food was also lying there . He felt as if something unexpected had happened. Then he entered to kitchen which was very dirty. He also found plates in the sink which hadn't been washed. Fear entered to his mind, He thought what had happened to his wife .

Then he heard the sound of water pouring down from bathroom. He thought that his wife was bathing . But as he went near the bathroom he found the door opened and tap left opened. He found scribbles on the wall of the bathroom which was drawn with toothpaste.

His heartbeats increased and then he entered to the bedroom. He found his wife was sitting on the bed , reading a book. She was quite calm and pleasant. The man asked, "what happened?"

she said ,"Today I didn't Wrench any hill. Every day you ask me what hill I have to Wrench here?".

-HALA FATHIMA -9:B



# A MOTHER
# JUST LIKE YOU

I JUST WANT TO LET YOU KNOW

YOU MEAN THE WORLD TO ME

ONLY A HEART AS DEAR AS YOURS

WOULD GIVE SO UNSELFISHLY

THE MANY THINGS YOU HAVE DONE

ALL THE TIMES THAT YOU WERE THERE

HELP ME KNOW DEEP DOWN INSIDE

HOW MUCH YOU REALLY CARE!


EVEN THOUGH I MIGHT NOT SAY

I APPRECIATE ALL YOU DO

RICHLY BLESSED IS HOW I FEEL!

HAVING A MOTHER JUST LIKE YOU

- Hala fathima 9-B



# കണ്ണീർ മഴ

അറിയാതെ ആരോ എനിക്ക് നൽകിയ സമ്മാനം

എന്നുമെന്റെ ജ്ജീവിതത്തിലുണ്ടായാരുന്നത്

എപ്പോഴുമില്ലങ്കിലും ഇടക്കിയിടെക്കിവരുമത്

ഏകയായി ഞാൻ അനുഭവിക്കുന്ന

ആ വേദന ആരുമറിയുന്നില്ല അതിന്റെ തീപ്രത

പിന്നീട് ഞാൻ മനസ്സിലാക്കി

അത് ജ്ജീവിതത്തിലെ ഒരവസ്ഥയാണ്

ദുഃഖം മെന്ന ആരും മറകാത്ത അവസ്ഥ.......

-----അനുഷ

൯-C



# സമാന്തര രേഖകൾ

വിദൂരമായ പാളത്തിൽ

നിശ്ചമായ ജിവിതത്തിന്റെ

ഏത് ബോഗിയിലാണ്

ഞാൻ നിന്നെ തിരയേണ്ടത്?

പ്രണയ വൃക്ഷം ചൊരിഞ്ഞ

ചുവന്ന പുഷ്പങ്ങളിൽ

പരുപരുത്ത പാറക്കഷ്ണങ്ങൾ

വലിച്ചെറിഞ്ഞ് നീപോയതെവിടേക്കാണ്?

സ്നേഹത്തിന്റെ സുദീർഘയാത്രയിൽ

എവിടെയാണ് എന്റെ ബോഗി

പാളം തെറ്റിയത്?

----നാസർ പുന്നശ്ശേരി--



# മണ്ണ്

ശ്രീകൃഷ്ണൻ ഉണ്ട് നടന്നൊരു മണ്ണ്
ബാലകർ ഓടി നടന്നൊരു മണ്ണ്
ഇലകൾ കിളിർത്തു പൂക്കൾ വിരിഞ്ഞു
നല്ല സുഗന്ധമുള്ളെൻറ മണ്ണ്
ഇലകളും പൂക്കളും കൊഴിഞ്ഞു തുടങ്ങിയ
കാലങ്ങൾ തൊട്ടുള്ള എൻറ മണ്ണ്
കുഞ്ഞു കിടാങ്ങൾ കളിക്കുന്ന മണ്ണ്
ജീവൻ വെടിഞ്ഞെൻറ ദേഹം അലിഞ്ഞു
ചേരുന്നതും മണ്ണിൽ തന്നെ



# തുളളൽ പാട്ട്

കുണ്ടും കുഴിയും റോട്ടിലു നിറയേ
കേരളമിങ്ങനെയായൽ എങ്ങനെ
ലൈസൻസില്ല  ഹെൽമറ്റില്ല
മാന്യൻമാരുടെ പോക്കെങ്ങോട്ട്
സീറ്റ്ബെൽറ്റില്ല............
സീറ്റ്ബെൽറ്റില്ല  ശ്രദ്ധയുമില്ല
കേരളമിങ്ങനെ പോയാൽ എങ്ങനെ
ഇന്നൊരുനാളിൽ നാളേക്കായ്
മറ്റെന്തെങ്കിലും കരുതേടേണ്ടേ.....

നാരായണ ജയ നാരായണ ജയ
നാരായണ ജയ ജയ ജയ

പയ്യൻസിൻെറ മുടികണ്ടാലോ
പൈക്കൾ നക്കിയ കോലുകൾ പോലെ
വെട്ടും കൊലയും ഇന്നൊരുനാളിൽ
ദൈവത്തിൻെറ സ്വന്തം നാട്ടിൽ

നാരായണ ജയ നാരായണ ജയ
നാരായണ ജയ ജയ ജയ

**അവന്തിക.എം.എസ്**
൯.C



# ലഹരിയെന്ന ആപത്ത്

മദ്യത്തിന്റെയും മയക്കമരുന്നിന്റെയും വിപത്തുകളെപ്പറ്റി എല്ലാവർക്കും അറിയാമല്ലോ .

ഒരിക്കലും ഈ ആപത്തിൽ പെട്ടുപോകരുതേ!
ശരിയല്ലാത്ത കൂട്ടുകെട്ടും ദുശ്ശീലങ്ങൾ വളർത്തുന്ന
സാഹചര്യവും ഒഴിവാക്കാം
മദ്യവും മയക്കുമരുന്നും നിങ്ങളിലെ
യഥാർത്ഥ വ്യക്തിത്വത്തെ ഇല്ലാതാക്കും.കഴിവുകളെ നശിപ്പിക്കും.
സ്നേഹബന്ധങ്ങളും സാമൂഹികബന്ധങ്ങളും ഇല്ലാതാക്കും.
മാതാപിതാക്കളെയും ഉറ്റമിത്രങ്ങളെയും വെറുപ്പിക്കും.
സമൂഹം അകറ്റിനിർത്തുന്ന ഒരാൾക്ക് നാടിനുവേണ്ടി
ഒന്നും ചെയ്യാനാവുകയില്ല.
മയക്കുമരുന്നിനെതിരെയുള്ള പ്രവർത്തനത്തിന്
നാം മുന്നിട്ടിറങ്ങണം.
ചുറ്റുമുള്ള ആരെങ്കിലും തെറ്റായ
വഴിയിൽ സഞ്ചരിക്കുന്നുവെന്ന്
അറിഞ്ഞാൽ ആ വിവരം
അധ്യാപകരോട് പറയാൻ മടിക്കരുത്

## കാലിടറാതെ മുന്നോട്ട്



<u>നെറ്റിൽ കണ്ടതെല്ലാം പൊന്നല്ല</u>

ഇപ്പോൾ എല്ലാവരും മൊബൈൽ ഫോൺ
ഉപയോഗിക്കുന്നുണ്ടല്ലോ...
കൂടുതലും സ്മാർട്ട് ഫോണാണ്.
സ്മാർട്ട് ഫോൺ ചെറിയോരു കമ്പ്യൂട്ടറാണ്.
അതിൽ ഇന്റർനെറ്റും കിട്ടും.
അതുപയോഗിച്ച് സിനിമ കാണാം. പാട്ട് കേൾക്കാം.
ദൂരെയുള്ളവരെപ്പോലും കണ്ടുകൊണ്ടു സംസാരിക്കാം.
വാർത്തകൾ അറിയാം.
സന്ദേശങ്ങളും ചിത്രങ്ങളും കൈമാറാം.
ബസ്സിന്റെയും തീവണ്ടിയുടെയും ടിക്കറ്റുകൾ എടുക്കാം.
സൗഹൃദസംഘങ്ങളിൽ അംഗമാകാം.
ബാങ്കിടപാടുകൾ നടത്താം.
ഇന്റർനെറ്റ് എത്രയോ ഉപകാരപ്രദമായ സംവിധാനമാണ്.

വിവരങ്ങളുടെ കലവറയാണ് ഇന്റർനെറ്റ്.

പഠിക്കാനും ഗവേഷണം നടത്താനും എല്ലാം

ഇന്റർനെറ്റ് സഹായിക്കും.
എന്നാൽ അതിൽനിന്നു ലഭിക്കുന്ന
വിവരങ്ങളെല്ലാം ശരിയാവണമെന്നില്ല.

വാട്സാപ്പിലോ ഇൻസ്റ്റാഗ്രാമിലോ ഫെയ്സ്ബുക്കിലോ
കൈമാറിക്കിട്ടുന്ന വിവരങ്ങൾ
പരിശോധിച്ച് ശരിയെന്ന് ഉറപ്പാക്കാതെ
സ്വീകരിക്കരുത്.
അത്തരം വിവരങ്ങൾ കൈമാറുമ്പോഴും
നല്ല ശ്രദ്ധ വേണം.
മനഃപൂർവ്വം വ്യാജവിവരങ്ങൾ പ്രചരിപ്പിക്കുന്നത്
ശിക്ഷാർഹമായ കുറ്റമാണ്.

തട്ടിപ്പിന് ഇന്റനെറ്റ് ഉപയോഗിക്കുന്നവരുമുണ്ട്
അവർ നിങ്ങളെ പ്രലോഭിപ്പിച്ച് കെണിയിൽ വീഴ്ത്തും.
ഗെയിമുകളുടെ ചതിക്കുഴിയിൽ പെട്ടുപോകാതെ നോക്കണം.

എപ്പോഴും ഇന്റനെറ്റിൽ മുഴുകുന്നത്
ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും.
വിവേകപൂർവ്വം ഉപയോഗിച്ചാൽ ഇതിനോളം നല്ല ചങ്ങാതിയില്ല്

---നെറ്റിൽ പോകാം, തെറ്റിൽ വീഴരുത്.-----

# നന്നായി പഠിക്കാം , കളിക്കാം

സ്കൂൾ തുറന്നല്ലേ. ഇനി ഉല്ലാസിച്ചു പഠിക്കാം.

പക്ഷേ , പഠനം മാത്രം പോരാ. കളിയും വേണം.
പഠനം അറിവു തരും.
അറിയാത്ത ലോകങ്ങൾ കാണിച്ചുതരും.
അതു മനസ്സിന്റെ ശക്തിയും ആരോഗ്യവും കൂട്ടും.
ശരീരത്തിന്റെ ആരോഗ്യത്തിനു കളികളും
വ്യായാമവും വോണം. കൂട്ടുകൂടി പലതരം
കളികളിലേർപ്പെട്ട് ശരീരം വിയർക്കണം.
വ്യായാമമുറകൾ ശീലിക്കണം.
രാവിലെ ഉണർന്നു വ്യായാമം ചെയ്യാം .
അപ്പോൾ അവയവങ്ങൾ ഉറയ്ക്കും.
ദഹനപ്രക്രിയ നന്നായി നടക്കും.
പെൺകുട്ടികളും മൈതാനത്തും കളിക്കണം.
കളിസ്ഥലങ്ങൾ എല്ലാവർക്കും ഉള്ളതാണ്.
നന്നായി കളിച്ചാൽ രക്തയോട്ടം വർധിക്കും,
ഉന്മേഷം കിട്ടും.
ഉന്മേഷമുണ്ടെങ്കിൽ നന്നായി പഠിക്കാം.
നന്നായി പഠിക്കാൻ നന്നായി കളിക്കുക

**"അറിവും ആരോഗ്യവും ഒരുപൊലെ പ്രധാനം"**



LITTLE KITES  MEMBERS IN MAGAZINE WORK SHOP









# വാർഷികാഘോഷം ചിലനിമിഷങ്ങൾ




ഗവ: അച്യുതൻ ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ, ചാലപ്പുറം, കോഴിക്കോട്
ാം വാർഷികം - യാത്രയയപ്പ് സമ്മേളനം - പഠനോത്സവ ഉദ്ഘാടനം
അച്യുതം 2019
ജനുവരി 26
മലയാള മനോരമ
Mercury Academy
TALENT SEARCH TEST
2019
25 LAKHS
ADMISSION STARTED
NEET CRASH 2019







**നന്ദി**